## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 285 — 28.06.2011-ൽ മറുപടിയ്ക്ക്

## കൽപ്പറ്റ മണ്ഡലത്തിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ്കുമാർ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ പൂർത്തിയാക്കിയ വൈദ്യുതി വിതരണ പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ ; | (എ) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ വിതരണമേഖലയിൽ പുതിയതായി 32333 വൈദ്യുതി കണക്ഷനുകൾ നൽകുകയും 143.47 കിലോമീറ്റർ 11 കെ. വി. ലൈൻ, 399.5 കിലോമീറ്റർ എൽ. റ്റി. ലൈൻ എന്നിവ നിർമ്മിക്കുകയും 175 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) കൽപ്പറ്റ മണ്ഡലത്തിൽ നിലവിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്ത കുടുംബങ്ങളുടെ വിശദാംശം നൽകുമോ ; | (ബി) വൈദ്യുതി കണക്ഷനുവേണ്ടി സി. ഡി. അടച്ച 434 അപേക്ഷകർ ഉണ്ട്. |
| (സി) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്ന സമ്പൂർണ്ണ വൈദ്യുതീകരണ പരിപാടി പ്രകാരം കൽപ്പറ്റ മണ്ഡലത്തിൽ കെ. എസ്. ഇ. ബി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ; | (സി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയ്ക്ക് അനുമതി ആയിട്ടില്ല. |
| (ഡി) കൽപ്പറ്റ മണ്ഡലത്തിൽ വൈദ്യുതി ബോർഡ് ഓഫീസുകളിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശം വ്യക്തമാക്കുമോ ? | (ഡി) കൽപ്പറ്റ മണ്ഡലത്തിൽപ്പെടുന്ന കെ. എസ്. ഇ. ബോർഡ് ഓഫീസുകളിലെ ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| 1 | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ (ഇലക്ട്രിക്കൽ) | 3 |
| 2 | മീറ്റർ റീഡർ | 15 |

| | | |
|---|---|---|
| 3 | ഓവർസീയർ (ഇലക്ട്രിക്കൽ) | 21 |
| 4 | ലൈൻമാൻ | 9 |
| 5 | ഡ്രൈവർ | 2 |
| 6 | സീനിയർ അസിസ്റ്റൻറ് | 15 |
| 7 | കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് | 3 |
| 8 | കാഷ്യർ | 1 |
| 9 | ഡിവിഷണൽ അക്കൗണ്ടൻറ് | 1 |
| 10 | അസിസ്റ്റൻറ് അക്കൗണ്ട്സ് ഓഫീസർ | 1 |
| 11 | സീനിയർ സൂപ്രണ്ട് | 9 |
| 12 | ഫെയർകോപ്പി അസിസ്റ്റൻറ് | 1 |

(ഇ) ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) കൽപ്പറ്റ മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(എഫ്) സമ്പൂർണ്ണ വൈദ്യുതീകരണം പടിപടിയായി എല്ലാ മണ്ഡലത്തിലും നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കല്പ്പറ്റയും അതിലുൾപ്പെടും.

സെക്ഷൻ ഓഫീസർ.